ഡയറക്ടർ, കോളേജ് വിദ്യാഭ്യാസം

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം

വൈസ് ചാൻസലർ, കേരള സർവ്വകലാശാല

ഒരു ഐ. യു. സി. സി. പ്രതിനിധി

ഡയറക്ടർ, പബ്ലിക് റിലേഷൻസ്.

(സി) അടുത്ത അദ്ധ്യയന വർഷം തന്നെ ഈ കമ്മിറ്റികൾ നിലവിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

സഹകരണ ജീവനക്കാരുടെ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

*16 [502] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, വി. കെ. ചന്ദ്രൻ :
,, ടി. കെ. ദേവകുമാർ :
,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ജീവനക്കാർക്ക് വേണ്ടിയുള്ള ക്ഷേമനിധി ബോർഡിന്റെയും പെൻഷൻ ബോർഡിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ അവയുടെ പ്രവർത്തന ലക്ഷ്യം നിറവേറ്റുന്നതായി കരുതുന്നുണ്ടോ;

(സി) ജീവനക്കാരുടെ ക്ഷേമനിധി ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിരുദ്ധമായി ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്ഷേമനിധി മറ്റെന്തെങ്കിലും സ്ഥാപനത്തിന്റെ ഷെയർ എടുക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഏത് സ്ഥാപനത്തിന്റെ ഷെയർ എടുക്കുന്നതിനായി വിനിയോഗിച്ചു;

(ഇ) ക്ഷേമനിധി ബോർഡിന്റെ മാനേജിംഗ് കമ്മിറ്റി തീരുമാനപ്രകാരമാണോ ഷെയർ എടുത്തിട്ടുള്ളത്;

(എഫ്) ഇത്തരത്തിൽ തീരുമാനം എടുത്ത ബോർഡ് യോഗത്തിലെ സർക്കാർ പ്രതിനിധികൾ ആരൊക്കെയായിരുന്നു;

(ജി) പ്രസ്തുത തീരുമാനം ഗവൺമെന്റ് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ക്ഷേമനിധി ബോർഡിന്റെയും പെൻഷൻ ബോർഡിന്റെയും അംഗീകൃത നിബന്ധനകൾ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും നിറവേറ്റുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്. കണ്ണൂർ, പരിയാരം ഹോസ്പിറ്റൽ കോംപ്ലക്സിൽ 57,75,000 രൂപയുടെ ഓഹരി 7-2-2004-ൽ എടുത്തിട്ടുണ്ട്. ആയതിന്റെ ഓഹരി സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്.

(ഇ) ക്ഷേമനിധി ബോർഡിന്റെ മാനേജിംഗ് കമ്മിറ്റിയുടെ 31-10-2003-ലെ 12(ബി) നമ്പർ തീരുമാനപ്രകാരമാണ് ഷെയർ എടുത്തിട്ടുള്ളത്.

(എഫ്) വെൽഫെയർ ബോർഡിന്റെ റൂൾ 4 പ്രകാരം ബോർഡ് അംഗങ്ങൾ എല്ലാവരും സർക്കാർ നോമിനേറ്റ് ചെയ്യുന്നവരാണ്. ഇത്തരത്തിൽ തീരുമാനം എടുത്ത മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ താഴെ പറയുന്നവരായിരുന്നു:

1. സഹകരണ വകുപ്പ് മന്ത്രി (ചെയർമാൻ)
2. ശ്രീ. ജെ. സുധാകരൻ, ഐ.എ.എസ്. ഗവൺമെന്റ് സെക്രട്ടറി (സഹകരണം)
3. ശ്രീ. കെ. കേശവൻ, സഹകരണ സംഘം രജിസ്ട്രാർ ഇൻ ചാർജ്
4. ശ്രീ. സി. പി. മൂസാൻകുട്ടി, ചെയർമാൻ, കേരള സംസ്ഥാന സഹകരണ യൂണിയൻ.
5. ശ്രീ. കെ. ഐ. രാമകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.
6. ശ്രീ. എം. സുകുമാരൻ (സഹകരണ എംപ്ലോയീസ് യൂണിയൻ)
7. ശ്രീ. പി. വി. ധർമ്മൻ
8. ശ്രീ. സി. കെ. നാരായണൻ.
9. ശ്രീ. എം. കുമാരൻ.
10. ശ്രീ. ജി. സുഗുണൻ (വൈസ് ചെയർമാൻ)
11. ശ്രീ. പി. എ. സുബാഷ്, സെക്രട്ടറി/അഡീഷണൽ രജിസ്ട്രാർ, ക്ഷേമനിധി ബോർഡ്.

(ജി) ഇല്ല. ക്ഷേമനിധി ബോർഡിന്റെ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം നടപ്പാക്കിയ കാര്യങ്ങളെ സംബന്ധിച്ച് സർക്കാരിൽ നിന്നും പ്രതികൂല നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly